# Church Voice

MATEER MEMORIAL CHURCH (CSI)
Vol. 10 No.4 NEWSLETTER April 2012



*"Christ died for our sins according to the scriptures,.... He was buried and ..... rose again the third day according to the scriptures" (1 Corinthians 15:3,4)*

# V.B.S. 2012

ചിന്താവിഷയം

**കൂടെയുള്ള കൂട്ടുകാരൻ യേശു**



**2012 April 2 to 14**
**9 AM to 12.30 PM**

**Age Limit : 3 to 25**
**Fees - Rs. 75 per head**

# CHILDREN'S CAMP 2012

ചിന്താവിഷയം

**അനുസരണം**



**At Marthoma Study Centre, Mannanthala**
**April 23, 24, 25**

**Age Limit : 7 to 14**
**Fees - Rs. 600 per head**

## Additional Secretary to Government



Mr. Jesuson E. Sarasam is promoted and posted as Additional Secretary to Government in the Development Department, Government of Kerala.




## Rashma's academic excellence



Gold medallist Rashma RSV(Lecturer at Mohandas College of Engineering, Trivandrum), who received her M.Tech. Degree in Geotechnical Engineering at the ninth convocation of the National Institute of Technology - Surathkal, Karnataka, secured a Cumulative Grade Point Average of 10 (on 10). She is the daughter of Prof. R.N. Satyadas and Er. A.J. Vilasini.

CHURCH VOICE

**APRIL 2012**

EDITORIAL BOARD

**Chief Editor**

Rev. C.R. Vincent

**Editor**

Christenson E. Sarasam

Rev. Dr. L.E. Sahanam
Rev. K. Isaac Paul Singh
Dr. Samson Nessiah
T. Jayakumar Alfred

**Address:**
The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :
churchvoice@gmail.com
before 15th of every month

Church Voice can be read online at our website
www.mateermemorialchurch.com

*Editorial................*

## JESUS CHRIST IS RISEN

Jesus Christ is risen from the dead; **He lives in the hearts of millions of people throughout the world.** We have experienced Him in our lives as a living reality. As a testinory to this truth, He hears our prayers. He helps us in times of need. He forgives our sins. He grants freedom from all forms of bondage and addiction. He leads us along paths of righteousness. He gives comfort to the suffering. He heals the broken hearted. He is indeed the risen Saviour.

The Son of God was forsaken by God and man. **He bore our sins and endured the judgement that we merited.** All mankind hated Him without a cause. He was scorned by His own people. Many who saw Him on the cross expressed offensive words. They who ridiculed His trust in God suggested that God will deliver Him. But, the Lord endured the Cross, accomplished God's mission and rose again the third day.

**The offer of grace is available to all who believe in the death and resurrection of Jesus Christ.** God wishes to redeem us through His son Jesus Christ and infill us with the power of resurrection. Shall we volunteer to accept the risen Lord individually and personally and invite Him to reign in our lives?

Christenson E. Sarasam
Editor.



## The Presbyter Speaks....

**Pastoral Ministry in the urban context**

Theme of the year
**Empowering the congregation for God's Mission**

Dearly beloved in Christ,

Loving greetings to you all in the matchless name of our Lord and Saviour Jesus Christ.

***Golden verses of the month :***

*"Now therefore thus saith the Lord of hosts: Consider your ways. Ye have sown much and bring in little, ye eat, but ye have not enough; ye drink, but ye are not filled with drink; ye clothe you, but there is none warm: and he that earneth wages earneth wages to put it into a bag with holes." (Haggai 1:5,6)*

***ഈ മാസത്തെ സ്വർണ്ണവാക്യങ്ങൾ***

**"ആകയാൽ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ, നിങ്ങൾ വളരെ വിതെച്ചിട്ടും അല്പമേ കൊണ്ടുവരുന്നുള്ളൂ; നിങ്ങൾ ഭക്ഷിച്ചിട്ടും പൂർത്തി വരുന്നില്ല; പാനം ചെയ്തിട്ടും തൃപ്തി വരുന്നില്ല; വസ്ത്രം ധരിച്ചിട്ടും ആർക്കും കുളിർ മാറുന്നില്ല; കൂലിക്കാരൻ ഓട്ടസഞ്ചിയിൽ ഇടുവാൻ കൂലി വാങ്ങുന്നു."**

Haggai was one of the minor prophets in the Old Testament who lived either in the city of Jerusalem or in the city of Babylon. The name "Haggai" means "festal one". Haggai a post Exile Prophet began his prophecy in 520 BC, Sixteen years after they were released by Cyrus. Cyrus had proclaimed a decree allowing the people of Israel to return to Jerusalem and to rebuild the Temple. The Jews after their return set up an altar of sacrifice and worked on the foundations of the temple . While on rebuilding they were interrupted by their adversaries like the Samaritans. Because of these difficulties, people lost their enthusiasm of rebuilding the temple for about eighteen years.

God's call came to Haggai and he began his ministry by declaring that the unfavourable situations of the people was the result of their disobedience. He asked the people to amend their ways and set their spiritual priorities in order to receive blessings from God. The prophet asks the people, "Is it time for you, O ye , to dwell in your cieled houses

and this house lie waste?" (Haggai 1:4) The people responded instantly. Haggai encouraged the people saying "Be strong" to build the temple instead of using their time and energies to build their homes and their personal comforts. At last the prophet brought them to a sense of their responsibility and set before them God's will. He urges them to a solemn rededication of their lives to God; and promise that God will take their former poverty away and bless them abundantly.

This verse specifically emphasises the responsibility of the people to the building of temple of God. The words of Haggai encourage the people to see their spiritual responsibilities and thereby enjoy the blessings from God. So, let us turn towards God and try to find out the ways of the Almighty. Jesus came to liberate us from fear and from sin for empowering us to own our responsibilities. It is possible only through the 'new covenant' (Matt.26:20-30) relationship between God and human beings. It is between the personal human (man/ woman) relationship and God. This relationship will enrich us to own our responsibilities to the glory of God. When we are able to work for Christ, we will be able to enjoy our earning. Therefore let us be sensitive to the risen Lord as reasponsible believers and enjoy our God given benefits. "Thus saith the Lord of hosts; consider your ways."

**Passion week:-** This month we observe the passion week and Self Denial (April 1-8). Our Gospel Band is making arrangements for all sessions of meditations under the leadership of our Presbyters. Prayerfully come and participate in the passion- week devotions. Let the Holy Spirit help us to examine our lives and inspire us towards the glory of God.

I know that many of us are observing the lent with 'Fasting and prayer' to express our dedication to the Lord and Saviour. Lent season helps us to deny our 'self' and trust in the Lord and re-dedicate our lives to the will of God by giving our 'self denial' offerings.

**Vacation Bible School:-** Our VBS begins from 2nd April and ends with 14th. Do not forget or neglect to send your children to participate in the VBS. Other temptations should not prevent them. Parents, please remember to lead your children to 'Jesus' through VBS, which will be a blessing to their "life -span".

**St. Mark's Day:-** Mark, the author of the Gospel of St. Mark is the apostle of Africa. Mark a young man in his early teens during the ministry of Jesus became a friend and companion of the Apostle Paul and Apostle Peter. He died on 25 th April in 68 AD, so 25th April is considered as St. Mark's day.

**Ringel Taube Vedamanikam Day celebration**:- April 25th 1806 is considered as the beginning of protestant mission in Tranvancore. Vedamanikam the converted X'ian from Saivisam invited Ringel Taube to Mylaudy. This was an awakening to Christianity in South Travancore. Thus LMS Mission was started in Travancore on 25th April 1806.

**Monthly Sangam Subscription:-** Hope that all the members of our church have cleared their sangam arrears by March 31st. Kindly remember to give prayerfully as much as you can as your regular Sangam offerings from the blessings you received from the Lord.

**Confirmation Service and Baptism**:- We are planning to arrange baptism on Easter Sunday and the confirmation service on 22nd April. Parents who want to baptise their children should give their names sufficiently early and come for a meeting at 4 pm on 7th Saturday. A day's retreat is arranged for the confirmation candidates on 21st Saturday. All confirmation candidates should come for the retreat.

Rev. Isaac Paul Singh Achen, Rachel Kochamma and their beloved daughter Aphia are leaving us by the end of April, after the completion of their successful five years of ministry in our church. As a family of ministerial team, they were engaged in all the activities of our church in multifarious ways. Paul Singh Achen, as a presbyter is blessed with multi-lingual ability in leading all the services of our church. He has a missionary zeal and a systematic scheme of pastoral visit giving special attention to the members who are sick in need for prayer and counselling. Now he is preparing to take-up the new assignment in the children's ministry under Board for Christian Education. We do hope that it will be a blessing to the ministry among the children of our diocese. Let us continue to pray for them that God may give them vision and strength to take up the new ministry. As we say farewell to Paul Singh Achen and family let us also get ready to welcome the new presbyter and family in our ministry team.

May the grace of our Lord and Saviour Jesus Christ be with us all. With Easter greetings and prayers.

Yours in Christ

**Vincent Achen**

## From Secretary's pen................



Dear Friends,

Greetings in the name of our Lord and Saviour Jesus Christ!

The first quarter of 2012 is over under the shelter of His wings. Summer has taken over with its inherent hardships. May God protect us from the drought and associated contagious diseases. The children are away from their schools finding it difficult to spend the daytime. Don't forget to join the V.B.S. and to participate in the children's camp.

Mr. K. Hudson has agreed to be the Sunday Auction convener.

A subcommittee is functioning under the convenership of Dr. Sindhuja for establishing a clinic at Selam mission field. Medical personnel (doctors and nurses) willing to offer voluntary/ paid service at Selam for short or long periods are requested to enroll their names .

Advance has been paid for purchase of the piece of land at Manikanteswaram for constructing a church in that mission field. Pray and donate generously for the same.

A unit of Missionary Prayer Fellowship of our diocese is being started in our church for which the prayer secretary of Gospel Band (Mr. Y. Christudas) has been nominated as the convener.

Permanent membership has been granted to Mr. Joshua Jayaseelan, TC. 14/1257, TVM. 33.

It has been decided to sanction the following charitable aids:-

1. Widow pension to Elizabeth Mani, Plamoodu
2. Marriage aid:-

| | |
|---|---|
| Linisha, Parasuvakkal | - Rs. 2000 |
| Mercy, Kottarakara | - Rs. 5000 |
| Shobi, Kazhakoottam | - Rs. 2000 |
| Ramya Mole, L.M.S. Compound | - Rs. 3000 |

3. Medical aid:-

| | |
|---|---|
| Biju T., Vellarada | - Rs. 2000 |
| Saroja Satyadas, Alburn | - Rs. 1000 |
| Manoharan, Sasthavattom | - Rs. 1000 |
| Nesayyan, Perumkadavila | - Rs. 2000 |
| Rajan, Pallichel | - Rs. 1000 |
| Saritha, Poozhanad | - Rs. 1000 |

4. Housing aid to Satyanesan, Kattakkada - Rs. 3000
5. Educational aid to Vasanthan, Kattakada - Rs. 3000

May God bless us all!

**Dr. Samson Nessiah**
Church Secretary

# The Cross

***Dr. Florence Isaac***

The Cross is the emblem of God's love. When Jesus was on the Cross, His blood draining the life from His body He knew what it was like to be alone and wracked with pain. But Jesus' pain was far more than just physical pain, for He was suffering God's judgement on all the sins of the ages- the greatest darkness of the soul ever known- He died a gruesome death on the Cross on our behalf. There was no other way for sin's penalty to be paid and for us to be redeemed. Christ's nail pierced hands are beautiful beyond measure for they tell us of His love and His willingness to save us regardless of the cost. In Him we have redemption through His blood (Ephesians 1:7).

**Jesus gave His head to the crown of thorns for us. He gave His face to the human spittle for us. He gave His cheeks and His beard to be plucked out for us. He gave His blood for us. Jesus Christ, dying in our place, taking the sins on the Cross, is God's love in action. He was wounded for our transgressions, He was bruised for our iniquities, the chastisement of our peace was upon Him and with His stripes we are healed.**

The Cross boldly stands against the confusion of our world, a beacon of hope in the midst of darkness and doubt. In the Cross, Christ not only bridged the gap between God and us, but there we find the answers to life's deepest questions. Never underestimate what Christ did for us through the Cross. By it our salvation was won, and by it, our lives and our world can be transformed. What difference does the Cross make in our lives?

Jesus was nailed to the cross for 6 full hours with a crown of thorns on His head and His hand and feet pierced through with nails. Can you imagine the agony Jesus suffered on the Cross on our behalf? At the ninth hour Jesus lifted up His voice and cried: "It is finished". He did not mean His life was ebbing away or God's plan had been foiled. Though death was near, Jesus realized that the last obstacle had been hurdled and the last enemy destroyed. He has successfully and triumphantly completed the task of redemption. With the word "It is finished", He announced that heaven's door was open.

**The greatest news is that Christ is risen. Death is a defeated foe. Christ has won the victory.** Because Christ rose from the dead, we know there is life after death, and that if we belong to Him we need not fear death or Hell. Christ is alive. And because He is, "He is able to save completely those who come to God through Him, because He always lives to intercede for them" (Hebrews 7:25). Hallelujah! Is our confidence in Jesus Christ - the risen Lord- What a glorious hope we have because Jesus is alive!

**HOW AWESOME!**

# The Power of Resurrection

**Miss Matty J. Vilasini White**

The first resurrection day was one of gloom and despair for the disciples of our Lord. Three days before, their Master had been crucified and buried. Seventytwo hours of disappointment and as the first day of the week dawned, their hopelessness and gloom deepened unto bitter frustration. The scene was altogether sighing and sobbing. But before nightfall and before that day ended, Jesus' followers were glad. Mourning in the morning to gladness, joy and victory by evening.

What is the great change? The power of Resurrection. The disciples were glad when they saw the Lord. The Resurrection changed the mourning into gladness, weeping into joy. All sorrow had been for nothing. Jesus did not sympathize with their heart breaking distress, instead obeyed the will of His dear father in heaven.

Jesus died that He would rise again the third day. His enemies remembered; but followers forgot His words. All the sorrow they experienced was because they believed not His words. The disciples only believed when they saw with their own eyes.

**Seeing is believing; but Bible declares: "Believing is Seeing."**

# Oh! Happy Easter Morning

Jesus died our souls to save  
Death and grave He overcame  
O! Happy Easter Morning.

Long before the light of day  
An angel rolled the stone away  
Mary came and looked around  
The bright and shining angel said:  
"Christ is risen from the dead"  
O! Happy Easter Morning.

Why seek ye the Living among the dead?  
He is not here; He is RISEN  
O! Happy Easter Morning.

### രാജസ്ഥാൻ സംസ്ഥാനത്തിലെ കാൺപുരയിൽ

# SCF ന്റെ നേതൃത്വത്തിൽ ദൈവാലയ നിർമ്മാണം

Y. ക്രിസ്തുദാസ്
ജനറൽ സെക്രട്ടറി
സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ്

ഇന്ത്യയിലെ സഹാറ എന്ന് അറിയപ്പെടുന്നതും, 7കോടി ജനങ്ങളും അതിൽ 80% ആദിവാസികൾ ഉൾപ്പെടുന്ന പിന്നോക്കവർഗ്ഗക്കാരും അധിവസിക്കുന്നതും, 33 ജില്ലകൾ അടങ്ങിയതുമായ ഒരു സംസ്ഥാനമാണ് രാജസ്ഥാൻ. ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ ആരാധയ്ക്കുവേണ്ടി ചില പ്രധാന ജില്ലാ ആസ്ഥാനങ്ങളിൽ പണിയപ്പെട്ട ദൈവാലയങ്ങൾ പിൽക്കാലത്ത് Methodist Church ന്റെ പേരിൽ അറിയപ്പെട്ടവ ഇപ്പോൾ C.N.I. യുടെ കീഴിൽ പ്രവർത്തിക്കുന്നു. ഒട്ടനവധി ക്രിസ്തീയ സംഘടനകൾ പ്രവർത്തിച്ചിട്ടും കേവലം 0.2% വിശ്വാസികൾ മാത്രമേ രാജസ്ഥാനിലുള്ളൂ.

നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മാർക്കൊസ് 16:15) എന്നുള്ള അരുമനാഥന്റെ അഹ്വാനമനുസരിച്ച് സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവക ബോർഡ് ഫോർ മിഷന്റെ നേതൃത്വത്തിൽ 1998-ൽ സി.എസ്.ഐ. രാജസ്ഥാൻ മിഷൻ ആരംഭിച്ചു. അനേകം ഗ്രാമീണർ യേശുക്രിസ്തു വിൽ വിശ്വാസം അർപ്പിച്ചു. മിഷണറിമാരുടെ കഠിനാദ്ധ്വാന ഫലമായും പള്ളികളുടെയും, വിശ്വാസികളുടെയും സംഘടനകളുടെയും സ്പോൺസർഷിപ്പിലൂടെയും ആദിവാസികളുടെ ഇടയിൽ വളരെ ഉൾപ്രദേശങ്ങളിൽ 9 സ്ഥലങ്ങളിൽ ചെറിയ ചെറിയ ആരാധനാലയങ്ങൾ പണിയപ്പെട്ടു.

ബി.ജെ.പി., ആർ.എസ്.എസ്., ബജ്രംഗ് ദൾ തുടങ്ങിയ ഹിന്ദു തീവ്രവാദി സംഘടനകളുടെ കഠിന എതിർപ്പിനേയും, തടസ്സങ്ങളേയും, ഉപദ്രവങ്ങളേയും, അതിജീവിച്ചും, ഭരണാധികാരികളുടെ ശാസനയും, പീഡനങ്ങളും, എതിർപ്പും സഹിച്ചും വിശ്വാസത്തിലേക്കു വന്ന പാവപ്പെട്ട ആദിവാസികളുടെ മുൻനിര സാന്നിദ്ധ്യത്തിലാണ് ചെറിയ ദൈവാലയങ്ങളുടെ പണികൾ നടത്തിയതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതും.

മതേതരരാജ്യമായ ഇന്ത്യയിൽ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും മതപരിവർത്തന നിരോധന ബില്ലിന്റെ പ്രയോഗത്താൽ രാജസ്ഥാനിൽ പ്രതികൂല സാഹചര്യമുള്ളതിനാലും മിഷണറിപ്രവർത്തനങ്ങളുടെ അപര്യാപ്തത കാരണവും സുവിശേഷം എങ്ങും എത്തുന്നില്ല.

"കൊയ്ത്തു വളരെയുണ്ട് സത്യം, വേലക്കാരോ ചുരുക്കം" (മത്തായി 9:37)

"ഞാൻ ആരെ അയക്കേണ്ടു ആർ എനിക്കു വേണ്ടി പോകും"

ഈ ചോദ്യങ്ങൾ, എം.എം.ചർച്ചിലെ SCF അംഗങ്ങളുടെ ഹൃദയകവാടത്തിൽ സ്പർശിച്ചതിനാൽ രാജസ്ഥാൻ നിവാസിയായ Mr. Bensilal Meena യെയും കുടുംബ ത്തെയും ബോർഡ് ഫോർ മിഷൻ വഴി കണ്ടെത്തി 2010 ഡിസംബർ 5-ാം തീയതി നമ്മുടെ സഭാദിനത്തോടനുബന്ധിച്ച് പ്രതിഷ്ഠിച്ച് സുവിശേഷ നിർവ്വഹണത്തിനായി രാജസ്ഥാനിൽ പ്രതാപ്ഗട്ട് എന്ന ജില്ലയിൽ Nayakeda എന്ന ദേശത്ത് നിയോഗിക്കുകയുണ്ടായി. അവരുടെ ചുരുങ്ങിയ കാലത്തെ പ്രവർത്തനത്താൽ ധാരാളം പാവപ്പെട്ട ആദിവാസികൾ പൈശാചിക ബന്ധത്തിൽ നിന്നും, ഗുരുതരമായ രോഗാവസ്ഥയിൽ നിന്നും, മാരകമായ തീരാരോഗങ്ങളിൽ നിന്നും അത്ഭുതകരമായ സൗഖ്യം ലഭിച്ച് ജീവിക്കുന്ന ദൈവത്തെ അറിയുകയും, കൈക്കൊള്ളുകയും വിശ്വാസി സമൂഹത്തിലെ അംഗങ്ങളായി മാറുകയും ചെയ്തു. അവരുടെ മേഖലയിൽ ഇപ്പോൾ ആരാധിക്കുന്ന ചെറിയ ദൈവാലയത്തിന് പുറമേ 20 കിലോ മീറ്റർ



അകലെ കാൺപുര ഗ്രാമത്തിൽ ഒരു ദൈവാലയം കൂടി അനിവാര്യമാണെന്ന ആവശ്യം പരിഗണിച്ച് അവിടെ ഒരു ദൈവാലയം പണിയാൻ നമ്മുടെ SCF മുൻകൈ യ്യെടുത്തിരിക്കുന്നു.

പ്രോജക്റ്റ് കൺവീനർ ഡോ. ഇ. ജോൺസനും ജനറൽ സെക്രട്ടറി വൈ. ക്രിസ്തുദാസും കടന്നുചെന്ന് പ്രതാപ്ഗട്ട് എന്ന ജില്ലാ ആസ്ഥാനത്തു നിന്നും ബൻസ്വാര എന്ന ജില്ലാ ആസ്ഥാനത്തേയ്ക്കുള്ള മെയിൻ റോഡിൽ നിന്നും രണ്ടര കിലോമീറ്റർ അകലെയുള്ള കാൺപുര എന്ന വില്ലേജിൽ 50 സെന്റ് സ്ഥലം കണ്ടെത്തി. നമ്മുടെ പ്രതിനിധികൾക്കും രാജസ്ഥാൻ മിഷൻ ഇൻ-ചാർജ്ജ് Rev. M. ബാബുരാജിനും മിഷൻ ഫീൽഡിലെ വിശ്വാസികൾ ഹൃദ്യമായ സ്വീകരണം നല്കി.

പിൽക്കാലത്ത് രാജസ്ഥാൻ മിഷന്റെ ഹെഡ്ക്വാർട്ടേഴ്സ് ആയി മാറ്റത്തക്കവിധത്തിൽ 50 അടി നീളവും, 30 അടി വീതിയുമുള്ള കോൺക്രീറ്റ് കൂര വിഭാവന ചെയ്തുകൊണ്ടുള്ള ഒരു ദൈവാലയത്തിന് 4-3-2012-ൽ തറക്കല്ലിടുകയും, തുടർന്ന് 12-3-2012 മുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

വളരെയേറേ പ്രതിസന്ധികൾ നിറഞ്ഞ പശ്ചാത്തലത്തിൽ അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ പൂർത്തീകരിക്കുന്നതിന് സർവ്വശക്തനായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. ഈ സംരംഭത്തിന് നല്ല ഒരു തുക ആവശ്യമായിരിക്കുന്നു. ഇതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും, സാമ്പത്തികമായി സഹായങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ സഭയിലെ എല്ലാവരേയും ദൈവം സമൃദ്ധയായി അനുഗ്രഹിക്കട്ടെ.

---

# A Royal Priesthood

**E. David Raj**

Each one who has accepted Jesus Christ and lives according to His will is a king and priest in Christ.

Jesus Christ is the corner stone and the apostles are the foundation stones. The Holy Spirit dwells in this mansion.

Those who once dwelt in darkness, who once were not the people of God, but through repentence will be kings and priests under Christ, if they remain faithful to the end.

They will be brothers and sisters of Jesus, who is the King of Kings and the Great High Priest.

Christ, who is the chosen and precious corner stone gives strength to the believers who are the other stones. If we live close to Christ, we can live happily and fearlessly. The Holy Spirit of God dwells in every believer.

May God grant us grace to live in Christ and be a member of His Royal Priesthood.

*(Translated by Poovi Thanka Kumari J.)*

# THE CROSS AND THE CHURCH

**Rev. T. Devaputhiran**

The cross is the pivotal point around which the whole of individual and community life of Christians revolve. It manifests God's unfathomable love towards humankind. The cross has been the sign of Christian presence from the first century. Tombs, churches, monasteries, rosaries, chains, thirumangalyams etc bear the symbol of cross signifying the central place of the cross in the gospel. But down through the centuries we have been hearing the voice of the servants of God to personalize or internalize the cross more than keeping it outside our body and mind.

'The Christian community is essentially a community of the cross' says Dr. John Stott in his book, The Cross of Christ (2001) P.339. By following our master, we too face opposition and persecution in India. Denial of Government benefits to the Christian dalits, the ever growing hatred towards Christians forcing people not to celebrate the new year and making people to work on Sunday, the day of resurrection of the Lord are some of the subtle ways of persecution. But looking at the cross, we are encouraged to glorify the Lord in and through our suffering (cf.Hb 12:2,3). How are we to be benefitted by the cross? What is the proper response to the cross? are the two questions that we are going to keep in mind as we meditate. We have three sub-headings before us.

**1. Personalising the cross:**

The cross of Jesus Christ should be in our heart. It is not the shape of the cross, but the meaning of the cross and what Christ has done for us and the whole creation, is what is needed to be borne in our heart. Realization that Christ died for me too and the assurance of the forgiveness of sins are essential for our Christian life. Here we may remember how Bartimaeus, the blind man internalized the prophet Isaiah's statements about the Messiah, by calling out to Jesus and proclaiming him as the son of David (Mk. 10:47, 48). *Knowing what Christ has done on the cross and receiving the benefit of the cross is essential in leading a life of witness. It is a pity many call themselves Christians without this experience of personalizing or internalizing the cross.* The cross should move from the cognitive level to our experiential level.

**2. Practising the cross:**

The next step in our spiritual

journey is to manifest the message of the cross in our life too. The meaning of the cross should not only be known but also to be internalized and practised. For example, the cross alters our relationship with God and others and the binding force is love. How is relationship with God and others? Jesus died for others. Are you a man or woman for others? *The cross teaches us self-denial, service to others.* **The cross is for all people. So, be inclusive in reaching out to people. Do not be a narrow-minded commu nalist (cf. 1 Pet. 3:8). The cross teaches us love towards our enemy too, which seems to be a rare commodity in this war-mongering and power-mongering world. The cross teaches us to overcome evil with good** (1 Pet. 3:7 also Rom. 12:9, 17, 21). In this regard, the sacraments help us to do this, by reminding us what Christ has done on the cross. The cross also helps us to understand the problem of suffering and helps us to have a right perspective of suffering. *Suffering makes us to glorify the Lord and manifests God's power that makes our suffering not only a means but also instrumental to get greater blessing and leads to further glorification of the Lord.* Suffering leads to personal maturity too. The cross also teaches us humility, forgiveness, concern for others and other divine characters. In these ways, the cross is a challenge for us and an encouragement too.

**3. Proclaiming the cross:**

After personalizing and start practising the message of the cross, proclaiming the message of the cross should be part of our life. Telling the good news to someone saying that Christ died for him too is a privilege and so a joyful task. You do not have to be rude, yet know the fact that you are His disciple and have received the command to go out and preach the gospel. Your life, observed by others will produce credibility to your proclamation. An historical opportunity has come for us to bear witness by word and deed, as the Hindu fundamentalists are trying to tighten the knot around us. Let our loving response to their hatred and persecution and speak the message and the power of the cross.

Prayer : *Saviour of the world, the refuge of the penitent who forgives and strengthens all who seek, empower your people with the faith in you so that they may bear the cross which they are to carry depending upon your grace and comfort, for your presence is all sufficient through Jesus Christ our Lord, who lives and reigns with Father and the Holy Spirit, one God, world without end. Amen.*

# ക്രൂശിൽ പ്രശംസിക്കുക

*(റവ. എം.പി. ജോസഫ്)*

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ പ്രശംസിക്കുവാൻ ഇടവരരുത്; അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു." (ഗലാത്യർ 6;14)

ക്രിസ്തുമാർഗ്ഗത്തെ വെളിപ്പെടുത്തുന്ന അനേകപ്രതീകങ്ങൾ (Symbols) ഉണ്ടെങ്കിലും സഭ തെരഞ്ഞെടുത്തത് കുരിശാണ്. യേശുക്കുഞ്ഞിനെ കിടത്തിയ പുൽക്കൂടോ യേശു യാത്രചെയ്ത പടകോ സഭയുടെ പ്രതീകമാക്കാമായിരുന്നു. ഒഴിഞ്ഞ കല്ലറയോ ഒരു സിംഹാസനമോ അല്ല, സാർവ്വലൗകികസഭ ക്രൈസ്തവമാർഗ്ഗത്തിന്റെ മുഖമുദ്രയായി സ്വീകരിച്ചത് കുരിശാണ്. കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെയെന്ന് യേശു പറയുകയും പൗലോസ് കുരിശിൽ പ്രശംസിക്കുകയും ചെയ്യുന്നു. ഇന്ന് നാം കുരിശിന് നല്കുന്ന മാന്യത അന്നില്ലായിരുന്നുവെന്ന് ഓർക്കണം. കുരിശുമരണം വളരെ നിന്ദ്യവും നീചവുമായ ഒരു വധസമ്പ്രദായമായിരു ന്നതുകൊണ്ടാണ് യേശുവിനെ ക്രൂശിൽ തറച്ചത്.

***യേശുക്രിസ്തു കഷ്ടപ്പെടുകയും ക്രൂശിൽ മരണം വരിക്കുകയും ചെയ്തതുകൊണ്ട് കഷ്ടതയെ കുരിശ് എന്നും ക്രിസ്തീയഗോളത്തിൽ വിശേഷിപ്പിക്കുന്നു.*** എന്നാൽ ഈ വിധത്തിൽ നാം മനസ്സിലാക്കുന്ന കഷ്ടതയ്ക്കും കുരിശിനും തമ്മിൽ വളരെ വ്യത്യാസം ഉണ്ട്. അവനവന്റെ പ്രവൃത്തികൾക്കനുസരണമായാണ് കഷ്ടത ഉണ്ടാകുന്നതെന്ന പൊതുധാരണയിൽനിന്ന് കഷ്ടതയ്ക്ക് പുതിയ അർത്ഥവും മാനവും വേദപുസ്തകം നല്കുന്നു. ദൈവനാമ മഹത്വത്തിനുവേണ്ടി സഹിക്കേണ്ടിവരുന്ന കഷ്ടതയെ മാത്രമേ കുരിശായി കാണുവാൻ പാടുള്ളൂ. ***ദൈവത്തെ അനുസരിച്ച് ജീവിക്കുമ്പോൾ കുരിശ് അനിവാര്യമായിത്തീ രുന്നു. അതുകൊണ്ടാണ് ഒരു മുന്നറിയി പ്പെന്ന നിലയിൽ തന്നെ അനുഗമിക്കുവാനിരിക്കുന്നവരോട് അവരവരുടെ കുരിശ് എടുത്ത് തന്നെ അനുഗമിക്കണം എന്ന് ക്രിസ്തു പറഞ്ഞത്.*** ദൈവവിളിയെക്കുറിച്ചുള്ള ആഴമായ ബോധമാണ് കുരിശ് സ്വമനസ്സോടെ വഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്: കുരിശ് വഹിച്ച കർത്താവിന്റെ സഭയിലും സമൂഹത്തിലും തിന്മയുടെ ശക്തികൾ പ്രബലമാകുമ്പോൾ ക്രിസ്തീയ ജീവിതത്തിൽ കുരിശ് അനിവാര്യമാകുകയാണ്.

സ്വർഗ്ഗീയ വിളിയോട് അനുസരണ ക്കേട് കാണിക്കാതെ തന്റെ ജീവിതത്തിൽ എല്ലാറ്റിലും എല്ലാമായി കുരിശ് സന്തോഷത്തോടെ സ്വീകരിച്ചെന്ന് മാത്രമല്ല, കുരിശിൽ പൗലൊസ് പ്രശംസിക്കുകയും ചെയ്യുന്നു. ലോകപ്രകാരം പ്രശംസിക്കുവാൻ ധാരാളം കാര്യങ്ങളു ണ്ടായിരുന്ന പൗലോസ് അതെക്കുറിച്ച് സൂചി പ്പിച്ചശേഷം (ഫിലിപ്പ്യർ 3:5-6) ആ ഭാഗം അവസാനിപ്പിക്കുന്നത്- ***"എങ്കിലും എനിക്ക് ലാഭമായിരുന്നതൊക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്ന് എണ്ണിയിരിക്കുന്നു"*** എന്ന ദൃഢ നിശ്ചയത്തോടെയാണ്. ഈ വലിയ മാറ്റത്തിനുള്ള കാരണം ഗലാത്യർ. 2:20ൽ കാണുന്നു: ***"ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്ക പ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു."*** ലോകത്തിൽ ആർക്കും കഴുമരം പ്രശംസിക്കുവാൻ വകയുള്ളതല്ല. എന്നാൽ പൗലൊസിന്റെ സകല പ്രശംസയും കർത്താ വായ യേശുക്രിസ്തുവിന്റെ ക്രൂശിലായി രുന്നു. എന്താണിതിന് കാരണം?

**കുരിശ് രക്ഷയ്ക്ക് മുഖാന്തരം**

അനേകർക്ക് ഭോഷത്വമായ കുരിശ് (1 കൊരിന്ത്യർ 1:8) പൗലൊസിന്റെ രക്ഷയ്ക്ക് മുഖാന്തരമായി. പൗലൊസിൽ രക്ഷയുടെ

ആരംഭം കുറിക്കുവാൻ ക്രൂശിതനായ കർത്താവ് സഹായിച്ചു. യേശുക്രിസ്തുവിന്റെ കുരിശിലൂടെ താൻ രക്ഷയുടെ അനുഭവത്തിലേക്കു വന്നിരിക്കുന്നുവെങ്കിലും താൻ പൂർണ്ണനായെന്ന് അവകാശപ്പെടുന്നില്ല. നന്മ ചെയ്യുവാൻ ആഗ്രഹിക്കുന്ന താൻ ഇച്ഛിക്കാത്ത തിന്മയാണ് പ്രവർത്തിക്കുന്നതെന്ന് ഏറ്റുപറയുന്നു (റോമർ 7:17 മുതൽ). മാത്രമല്ല, "അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ! ഈ മരണത്തിന് അധീനമായ ശരീരത്തിൽ നിന്ന് എന്നെ ആര് വിടുവിക്കും" (റോമർ 7:20) എന്ന് പൗലോസ് വിലപിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു" (റോമർ 7:24-25) എന്ന് പറയുമ്പോൾ മഹാപാപിയായ തന്നെ കൃപയാൽ രക്ഷിച്ച ദൈവത്തോടുള്ള തന്റെ കടപ്പാടും അതേക്കുറിച്ചുള്ള നിശ്ചയവും പൗലൊസിന് ഉണ്ടായിരുന്നെന്ന് മനസ്സിലാക്കാം.

പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം ലഭിച്ചുവെന്ന് ഉറപ്പായി വിശ്വസിച്ച പൗലോസ് (റോമർ 8:2) ആ ദൈവ സ്നേഹത്തിൽ നിന്ന് തന്നെ വേർപിരിക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ലെന്നും പ്രഖ്യാപിക്കുന്നു (റോമർ 8:28-29). ***ജയാളിയായ ഒരുവന്റെ വാക്കുകളാണിവ. പാപികളിൽ ഒന്നാമനായിരുന്ന തന്നെ (1 തിമൊ. 1:15) കൃപയാൽ രക്ഷിച്ച യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തോട് താൻ എന്നും കടപ്പെട്ടവനാകയാൽ അതിൽ പ്രശംസിക്കുന്നു.*** അനേകർക്ക് ഭോഷത്വവും നാശത്തിന് കാരണവുമായി തീർന്നിരിക്കുന്ന കുരിശിന്റെ വചനം തന്റെയും നാശത്തിന് കാരണമായി തീരാമായിരുന്നു. എന്നാൽ കരുണയുള്ള ദൈവം കരുണകാട്ടി തന്നെ രക്ഷിച്ചു. പൗലൊസിന്റെ പ്രശംസാവിഷയമായ കുരിശ് ഇന്നും എന്നും അനേകരെ രൂപാന്തരപ്പെടുത്തുന്നു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെ എന്നെയും രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവന്നിരിക്കുന്നുവെന്ന് നാം ഉറപ്പായി വിശ്വസിക്കുമ്പോഴേ ആ കുരിശിൽ നമുക്കും പ്രശംസിക്കുവാൻ കഴിയൂ.


### സേലം മിഷൻ ഫീൽഡിൽ വൈദ്യശുശ്രൂഷ

എം.എം. ചർച്ചിന്റെ ആഭിമുഖ്യത്തിൽ സേലം മിഷൻ ഫീൽഡിൽ ആരംഭിക്കുന്ന Medical Clinic ൽ പ്രവർത്തിക്കാൻ സേവനതത്പരരും മിഷണറി സമർപ്പണവുമുള്ള (Full time/ Part time/ Voluntary) Doctors, Nurses എന്നിവരെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ എം.എം. ചർച്ച് ഓഫീസിൽ പേരുവിവരങ്ങൾ അറിയിക്കുക.


# സ്നേഹം: ദിവ്യസ്നേഹം ഒന്നുമാത്രം

യേശു ക്രിസ്തുവിനെക്കുറിച്ച് നെപ്പോളിയൻ ബോണപാർട്ട് പ്രസ്താവിച്ചതിങ്ങനെ: "മഹാനായ അലക്സാണ്ടർ, സീസർ, ചാർലി മെയ്ൻ, ഞാനും മറ്റനേകരും രാജ്യങ്ങൾ വെട്ടിപ്പിടിച്ച് സാമ്രാജ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവരെല്ലാം നേടിയെടുത്തത് തോക്കിന്റെ ശക്തികൊണ്ടും ബുദ്ധികൊണ്ടും ആയിരുന്നു. ആ സാമ്രാജ്യങ്ങളെല്ലാം തകർന്ന് തരിപ്പണമായി, എന്നാൽ നസ്രായനായ യേശുക്രിസ്തു ഒരു സാമ്രാജ്യം സ്ഥാപിച്ചു. അദ്ദേഹം ലോകത്തെ കീഴടക്കിയത് സ്നേഹം കൊണ്ടായിരുന്നു. അതുകൊണ്ടാണ് ഇന്നും അനേകലക്ഷങ്ങൾ അവനായി രക്തസാക്ഷിത്വം വരിപ്പാൻ പോലും ഒരുക്കമുള്ളവരായി തന്നെ പിൻതുടരുന്നു."

# കുരിശിന്റെ മഹത്വം

(തോമസ്)

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന് (1506 - 1552) ക്രൂശിതരൂപത്തോട് വളരെയധികം ഭക്തിയുണ്ടായിരുന്നു. അദ്ദേഹം സുവിശേഷപ്രചരണത്തിനു പോകുമ്പോഴെല്ലാം ക്രൂശിതരൂപം കൊണ്ടു പോകുമായി രുന്നു. ക്രൂശിതനായ യേശു വേദനകളും സഹനങ്ങളും ഏറ്റെടുക്കാനുള്ള ശക്തി അദ്ദേഹത്തിനു കൊടുത്തിരുന്നു.

ഒരിക്കൽ സുവിശേഷവേലയ്ക്കിടയിൽ അദ്ദേഹത്തിന്റെ ക്രൂശിതരൂപം കടലിൽ വീണു. അത് വീണ്ടെടുക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ക്രൂശിത രൂപം നഷ്ടപ്പെട്ടതിൽ അദ്ദേഹത്തിന് ദുഃഖം ഉണ്ടായി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അദ്ദേഹം ആ കടലിന്റെ തീരത്തു നിൽക്കുക യായിരുന്നു. അപ്പോഴാണ് ഒരു കാഴ്ച കണ്ടത്. നഷ്ടപ്പെട്ട കുരിശുമായി ഒരു ഞണ്ട് കരയിലേക്ക് വരുന്നു. ഫ്രാൻസിസിന് സമീപം കുരിശ് വച്ചിട്ട് ഞണ്ട് തിരികെ പോയി. തന്റെ കുരിശ് തിരികെ കിട്ടിയതിൽ ഫ്രാൻസിസിന് വലിയ സന്തോഷം ഉണ്ടായി. ഫ്രാൻസിസ് ദൈവത്തിനു നന്ദി പറഞ്ഞു.

വിശുദ്ധരായ മനുഷ്യർ കുരിശിനെ ഇത്രമാത്രം വിലമതിക്കുന്നത് അവർ അതിന്റെ വില മനസ്സിലാക്കിയതു കൊണ്ടാണ്. പരിഹാസത്തിന്റെയും അവഹേളനത്തിന്റെയും അടയാളമായ കുരിശിനെ യേശു തന്റെ കുരിശുമരണം വഴി രക്ഷയുടെയും മഹത്വത്തിന്റെയും അടയാളമായി ഉയർത്തി. കുരിശ് നമ്മുടെ രക്ഷയുടെ മാർഗമാണ്. നമുക്ക് ശാന്തിയും സമാധാനവും ലഭിക്കുന്നത് കുരിശിലാണ്.

കുരിശ് ക്രിസ്തുജീവിതത്തിന്റെ ആകെത്തുകയത്രേ. കുരിശ് സ്നേഹത്തിന്റെ പ്രായോഗികതയും ദൈവഹിതത്തിന്റെ അടയാളവുമാണ്. മനുഷ്യജീവിതത്തിൽ നന്മയായിട്ടുള്ളതിന്റെ പ്രതീകമാണ് കുരിശ്. അതിനാൽ കുരിശുകളെ സന്തോഷപൂർവ്വം ഏറ്റെടുക്കണം.

കുരിശ് വേദനയുടെ പ്രതീകമാണ്. വേദനകൾ ജീവിതത്തിലേക്കു കടന്നു വരുമ്പോൾ അവയെ സന്തോഷപൂർവ്വം കാണാൻ സാധിക്കണം. സഹനങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചതുകൊണ്ടല്ലേ അനേകം വിശുദ്ധന്മാർക്ക് ശാരീരികവും മാനസികവുമായ സഹനങ്ങൾ ഏറ്റെടുക്കാൻ ശക്തി പകർന്നത്. യേശുവിന്റെ കുരിശ് ആയിരുന്നു ആദ്യകാല രക്തസാക്ഷി കളുടെ ഒരു വലിയ സൈന്യത്തിന് കൊടും പീഡനങ്ങളെ അതിജീവിക്കാൻ ശക്തി കൊടുത്തത്. കുരിശിന്റെ വിശുദ്ധ യോഹന്നാൻ (1542 - 1591) കാരാഗൃഹത്തിൽ ആയിരുന്നപ്പോൾ തനിക്കുണ്ടായ സഹനങ്ങളെല്ലാം സന്തോഷപൂർവ്വം സ്വീകരിച്ചു. ഒരിക്കൽ കാരാഗൃഹത്തിൽ വച്ച് ക്രൂശിതനായ യേശു പ്രത്യക്ഷപ്പെട്ട് ചോദിച്ചു:

"നീ എനിക്കുവേണ്ടി വളരെയധികം സഹിക്കുന്നുണ്ട്. ഞാൻ നിനക്ക് പ്രത്യുപകാരമായി എന്തു ചെയ്യണം?"

അദ്ദേഹം ഇങ്ങനെ മറുപടി കൊടുത്തു: "സഹനങ്ങൾ സഹിക്കാൻ ശക്തി തരിക."

ജീവിതത്തിൽ ഉണ്ടാകുന്ന വേദനകളെ സന്തോഷത്തിന്റെ അനുഭവമാക്കി മാറ്റാൻ സാധിക്കണം. കുരിശുകൾ സന്തോഷ പൂർവ്വം സ്വീകരിക്കുക. അപ്പോൾ അവ നമ്മെ തളർ ത്തുകയില്ല. കുരിശ് നമുക്ക് ജീവിതവിജയം കാട്ടിത്തരും.

***ക്രിസ്തു കുരിശുകൾ ഏറ്റെടുത്തതു കൊണ്ടാണ് മഹത്വ പൂർണനായി തീർന്നത്. കുരിശുമരണത്തിലൂടെയാണ് അവിടുന്ന് നമുക്ക് രക്ഷയുടെ കവാടം തുറന്നു തന്നത്. യേശുവിനെ അനുകരിക്കുന്നവർ കുരിശു കൾ സന്തോഷപൂർവ്വം സ്വീകരിക്കണം. വേദനകളാകുന്ന കുരിശുകൾ സന്തോഷ പൂർവ്വം ഏറ്റെടുക്കണം. ക്രിസ്തു നമ്മോട് പറയുന്നു: " ആരെങ്കിലും എന്നെ അനുഗമി ക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വയം പരിത്യജിച്ച് തന്റെ കുരിശും എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (മർക്കോസ് 8:34). വിശുദ്ധ പത്രോസ് പറയുന്നു: "ക്രിസ്തു വിന്റെ പീഡകളിൽ നിങ്ങൾ പങ്കുകാരാകു ന്നതിൽ ആഹ്ലാദിക്കുവിൻ. അവന്റെ മഹത്വം വെളിപ്പെടുമ്പോൾ നിങ്ങൾ അത്യധികം ആഹ്ലാദിക്കും." (1 പത്രോസ് 4:13).***

# ഉയിർത്തെഴുന്നേല്പ് നൽകുന്ന ഉറപ്പുകൾ

**ബെഞ്ചമിൻ മോസസ്**

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ അടിസ്ഥാനമാണ്. ശൂന്യമായ കല്ലറയും, ദൂതന്മാരുടെ സാക്ഷ്യവും, ശിഷ്യന്മാരുടെ ധൈര്യവും യേശുവിന്റെ ഉയിർത്തെഴുന്നേല്പിനെ ശരിവയ്ക്കുന്ന തെളിവുകളാണ്. യേശുവിനെ ക്രൂശിച്ചു കൊന്ന സ്ഥലത്തു തന്നെ 50 ദിവസങ്ങൾ ക്കുശേഷം നടത്തിയ സുവിശേഷ യോഗത്തിൽ ഒറ്റ പ്രസംഗത്തിൽ 3000 പേർ യേശുവിനെ രക്ഷകനും കർത്താവും ആയി അംഗീകരിച്ചത് യേശുവിന്റെ പുനഃരുത്ഥാനത്തിന്റെ മറ്റൊരു അടയാളമാണ്. ക്രിസ്തു വിരോധിയായിരുന്ന സമ്പന്നനും, പണ്ഡിതനും, പരീശനും, അരോഗദൃഢഗാത്രനുമായ ശൗൽ, ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ടു കണ്ടതും, ക്രിസ്തുവിനായി രക്തസാക്ഷിയായിത്തീർന്നതും ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിനെ സാധൂകരിക്കുന്നു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റതിലൂടെ കുറഞ്ഞത് ഏഴ് കാര്യങ്ങൾക്ക് ഉറപ്പു നൽകിയിരിക്കുന്നു.

**1. ദൈവത്തിന്റെ അസ്തിത്വത്തിനു സ്ഥിരീകരണം നൽകുന്നു.**

ഇന്ന് അനേകർക്കും ദൈവമുണ്ടോ എന്നും ആരാണ് ദൈവമെന്നും സംശയമുണ്ട്. എന്നാൽ യേശുവിന്റെ ഉയിർത്തെഴു ന്നേല്പ് ദൈവത്തിന്റെ അസ്തിത്വത്തെ ഉറപ്പിച്ചിരിക്കുന്നു. നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറപ്പിച്ചു കൊന്നു; ദൈവമോ, മരണ പാശങ്ങളെ അഴിച്ചു അവനെ ഉയിർത്തെഴുന്നേല്പിച്ചു; ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേ ല്പിച്ചു; അതിനു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു (അപ്പൊ. 2:23, 24, 32).

**2. യേശു ദൈവപുത്രൻ തന്നെ എന്നു സ്ഥിരീകരണം നൽകുന്നു.**

ഇന്ന് അനേകർ യേശുവിന്റെ ഉപദേശങ്ങളും അത്ഭുതങ്ങളും രോഗശാന്തിയും വിശ്വസിക്കുന്നുവെങ്കിലും യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നില്ല. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവനു മാത്രമേ ഈ ലോകത്തിൽ ജയജീവിതം ചെയ്യുവാൻ സാധിക്കയുള്ളൂ. (1 യോഹ. 5:5) ലോകത്തെ ജയിക്കുന്നവനാണ് സ്വർഗ്ഗരാജ്യം അവകാശമാക്കുന്നത് (വെളി. 21:7). യേശു വിന്റെ ക്രൂശുമരണത്തിനു മുൻപ് പത്രൊസി നെയും യാക്കോബിനെയും യോഹന്നാനെയും ഒരു ഉയർന്ന മലയിൽ കൂട്ടിക്കൊണ്ടുപോയി അവരുടെ മുമ്പാകെ യേശു രൂപാന്തപ്പെട്ടു. എന്നിട്ട് മനുഷ്യ പുത്രൻ മരിച്ചവരിൽ നിന്നും എഴുന്നേറ്റിട്ടല്ലാതെ ഈ കണ്ടതു ആരോടും അറിയിക്കരുത് എന്നു കല്പിച്ചു (മർക്കൊ. 9:9) യേശു തന്നെക്കുറിച്ച് പറഞ്ഞ ഈ പ്രവചനം നിറവേറിയത് യേശു ദൈവപുത്രൻ എന്നു തെളിയിക്കുന്നു. യേശു ഗത്ശമന തോട്ടത്തിൽ പോകുന്നതിനു മുമ്പെ ശിഷ്യന്മാരോട് ഞാൻ ഉയിർത്തെഴുന്നേറ്റശേഷം നിങ്ങൾക്കു മുമ്പെ ഗലീലയ്ക്കുപോകും എന്നു പറഞ്ഞു (മർക്കൊ. 14:28). അങ്ങനെ സംഭവിക്കുകയും ചെയ്തു. ഇത് യേശു ദൈവപുത്രനാണെന്ന സത്യം തെളിയിക്കുന്നു. യേശു ഉയിർത്തെഴുന്നേറ്റതു പോലെ മറ്റാരെങ്കിലും ഇന്നുവരെ ഉയിർത്തെഴുന്നേറ്റിട്ടില്ല.

**3. മരണാനന്തര ജീവിതത്തെ സ്ഥിരീകരിക്കുന്നു.**

യേശു കർത്താവ് തന്റെ ശുശ്രൂഷാവേളയിൽ ഇപ്രകാരം പ്രസ്താവിച്ചു: ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്ത വർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്വാനുള്ള നാഴിക വന്നു (യോഹ. 5:28,29). യേശുവിന്റെ ഉയിർത്തെഴുന്നേല്പി ലൂടെ ഇതു സംഭവിക്കും എന്നു ഉറപ്പു ലഭിച്ചിരിക്കുന്നു. മരണത്തോടു കൂടെ എല്ലാം അവസാനിക്കുന്നു എന്നു ചിലരെങ്കിലും കരുതുന്നു. അതുകൊണ്ടാണ് മനുഷ്യൻ പ്രശ്നങ്ങളിൽ നിന്നും മോചനം നേടാൻ ആത്മഹത്യ ചെയ്യുന്നത്. എന്നാൽ യേശുവിന്റെ ഉയിർത്തെഴുന്നേല്പ് മരണാന്തര ജീവിതത്തെക്കുറിച്ച് യേശു പറഞ്ഞ വസ്തുത കൾ ശരിയാണെന്ന് തെളി യിക്കുന്നു (മത്താ. 6:33; ലൂക്കൊ. 23:43; യോഹ. 14;1-3; ലൂക്കൊ. 16:19-31; 1 തെസ്സ. 4:13-18).

**4. യേശുവിന്റെ ക്രൂശുമരണം മാനവരാശിയുടെ പാപശാപരോഗപരിഹാരബലിയായിരുന്നു എന്ന് സ്ഥിരീകരിക്കുന്നു.**

സ്നാനമേൽക്കുവാൻ വന്ന യേശുവിനെ നോക്കി സ്നാപകയോഹന്നാൻ പറഞ്ഞു: ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നുനീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് (യോഹ. 1:29). യേശുവും അന്ത്യഅത്താഴ വേളയിൽ പാനപാത്രം എടുത്തു എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന എന്റെ രക്തം എന്നു പറയുന്നു (മത്താ. 26:27, 28). യേശു പറഞ്ഞ ഈ പ്രസ്താവന തന്റെ ഉയിർത്തെഴുന്നേല്പിലൂടെ സ്ഥിരീകരിക്കപ്പെട്ടു. ബി.സി. 8-ാം നൂറ്റാണ്ടിൽ യേശുവിന്റെ കാൽവരിയിലെ ദൗത്യത്തെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചിരിക്കുന്നു: "സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു. അവൻ നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നു. അവന്റെ അടിപ്പിണരുകളാൽ സൗഖ്യം വന്നമിരിക്കുന്നു." "അവൻ തന്റെ പ്രയത്നഫലം കണ്ട് തൃപ്തനാകും" (യെശ. 53:4,5,11). ഈ പ്രവചനം യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ സ്ഥിരീകരിക്കപ്പെട്ടു.

**5. യേശുക്രിസ്തു ഏക മദ്ധ്യസ്ഥൻ എന്ന് സ്ഥിരീകരണം നൽകിയിരിക്കുന്നു.**

ദൈവത്തിനും മനുഷ്യനുമിടയിൽ അനേകം മദ്ധ്യസ്ഥന്മാരാണ് ക്രിസ്തീയ മതത്തിൽ ഇന്നുള്ളത്. എന്നാൽ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ശേഷം സ്വർഗ്ഗാരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്തു കൊണ്ടിരി ക്കുന്നു. ദൈവം ഒരുവൻ, ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ. എല്ലാവർ ക്കും വേണ്ടി മറുവിലയായി മനുഷ്യനായ ക്രിസ്തു യേശു തന്നെ (റോമ. 8:34, 1. തിമൊ. 2:5,6). യേശു തന്റെ വിടവാങ്ങൽ സന്ദേശത്തിൽ ശിഷ്യന്മാരോട് പറഞ്ഞു: "ഇന്നുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും അപേക്ഷിച്ചിട്ടില്ല: അപേക്ഷിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം പൂർണ്ണമാകും വണ്ണം നിങ്ങൾക്കു ലഭിക്കും" യേശുവിന്റെ ഈ വാഗ്ദത്തം തന്റെ ഉയിർത്തെഴുന്നേല്പിലൂടെ സ്ഥിരീകരിക്കപ്പെട്ടു (യോഹ. 16:23, 24).

**6. യേശുവിന്റെ ഉയിർത്തെഴുന്നേല്പ് തന്റെ രണ്ടാമത്തെ വരവ് സ്ഥിരീകരിക്കുന്നു.**

യേശു പറഞ്ഞു: "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി സ്ഥലം ഒരുക്കിയാൽ, ഞാൻ പോകുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിനു, പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ. 14:2,3). യേശുവിന്റെ ഉയിർത്തെഴുന്നേല്പിലൂടെയും സ്വർഗ്ഗാരോഹണത്തിലൂടെയും ഈ പ്രസ്താവനയ്ക്ക് ഉറപ്പുണ്ട്. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്ന സമയം വെള്ള വസ്ത്രം ധരിച്ചു രണ്ടു പുരുഷന്മാർ, "ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേക്കു നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ വീണ്ടും വരും" എന്നു പറഞ്ഞു (അപ്പൊ. 1:10,11). ക്രിസ്തുവിന്റെ രണ്ടാം വരവിനെ പരിഹസിക്കുന്ന ഈ തലമുറയിൽ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്, താൻ രക്ഷിതാവായും ന്യായാധിപനായും വീണ്ടും വരുമെന്നും അപ്പോൾ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന യേശുവിന്റെ പ്രസ്താവനയ്ക്കും ഉറപ്പും വരുന്നു (ലൂക്കൊ. 18:8; ഫിലി. 3:20, 21: എബ്രാ. 9:27, 28).

**7. ലോകജനതയ്ക്കു ഒരു ന്യായമായ വിധി ഉണ്ടാകും എന്നു സ്ഥിരീകരിക്കുന്നു.**

ഇന്ന് ലോകത്തിൽ നീതിയും ന്യായവും അർഹിക്കുന്നവർക്ക് ലഭിക്കുന്നില്ല. നിരപരാധികൾ ശിക്ഷിക്കപ്പെടുമ്പോൾ അപരാധികൾ രക്ഷപ്പെടുന്നു. എന്നാൽ സകല മനുഷ്യരെയും നീതിയോടെ ന്യായം വിധിക്കുന്ന ഒരു ദിവസമുണ്ടെന്നു യേശു പറഞ്ഞു (മത്താ. 11:20,21; യോഹ. 12:48). ഒരു കാലത്ത് ക്രിസ്തുവിരോധിയും പിൽക്കാലത്ത് ക്രിസ്തുവിനെ ദർശിക്കയും സ്വീകരിക്കുകയും ചെയ്ത പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക: യേശുക്രിസ്തു മുഖാന്തിരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ പിതാവായ ദൈവം ഒരു ദിവസം നിശ്ചയിച്ചു. യേശുവിനെ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേൽപ്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു (അപ്പൊ. 17:31). ന്യായവിധിയുടെ മാനദണ്ഡം യോഹന്നാൻ 12:48, ലൂക്കോസ് 12:48 എന്നീ വചനങ്ങളിൽ കാണുന്നു.

യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽ പ്പിലൂടെ ഉറപ്പാക്കപ്പെട്ടിരിക്കുന്ന ഈ വസ്തുതകളെ അംഗീകരിപ്പാനും മാനസാന്തപ്പെടുവാനും ദൈവവചനാനുസരണം നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാനും പരിശുദ്ധാത്മസഹായത്തിനായി സ്വർഗ്ഗസ്ഥനായ പിതാവിനോട് നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ പിതാവിന്റെ ഇഷ്ടം ചെയ്തു കൊണ്ട് കർത്താവിന്റെ വരവിനായി നമുക്ക് ഒരുങ്ങാം.

## "എൻ രക്ഷകൻ രക്തം ചിന്തി"

## Alas! and did my Saviour bleed (ഐസക് വാട്സ് 1674 - 1748)

ഇംഗ്ലീഷ് ഗീതങ്ങളുടെ പിതാവ് 'Father of hymnody' ആയി അറിയപ്പെടുന്ന ഐസക് വാട്സ് 1674-ൽ തന്റെ മാതാപിതാക്കളുടെ 9-ാമത്തെ മകനായി ജനിച്ചു. പിതാവ് കോൺഗ്രിഗേഷണൽ സഭയിലെ ഒരു ഡീഖനായിരുന്നു. വാട്സ് കുടുംബം അതീവഭക്തിയും ചിട്ടയും പ്രാർത്ഥനയുമുള്ള കുടുംബമായിരുന്നു. 17-ാം നൂറ്റാണ്ടിന്റെ മധ്യകാലം വരെ ആരാധനകളിൽ പാട്ടുകൾ ഉണ്ടായിരുന്നില്ല. ഐസക് വാട്സ് അതിനു മാറ്റം വരുത്തി ഗാനങ്ങൾ രചിച്ച് പ്രചരിപ്പിച്ച് ഒരു പുതിയ പാത ഒരുക്കി മാറ്റം വരുത്തി.

വാട്സിന്റെ പ്രതിഷ്ഠാജീവിതാനുഭവം വ്യക്തമാക്കുന്ന ഗാനമാണ് 'Alas and did my Saviour bleed' എന്നു തുടങ്ങുന്ന ഗാനം. ജീവിതകാലത്ത് 600 ലേറെ ഗാനങ്ങൾ രചിച്ചു. ക്രൂശിനെ ദർശിച്ച കൊണ്ടെഴുതിയ രണ്ടു പ്രശസ്തഗാനങ്ങളാണ് 'When I survey the wondrous cross' എന്നതും 'Alas and did my Saviour bleed' എന്നതും.

നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും എങ്ങനെ മറ്റുള്ളവരെ സ്വാധീനിക്കുന്നുവെന്ന് നാം ഒരിക്കലും ശ്രദ്ധിക്കാറില്ല. ഐസക് വാട്സിന്റെ ഈ ഗാനം ജനലക്ഷങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ചിട്ടുണ്ട്. സർവ്വശക്തനും സർവ്വസ്രഷ്ടാവുമായ ദൈവത്തിന്റെ ദിവ്യസ്നേഹത്തെയും ത്യാഗമരണത്തെയും പുഴുവിനു തുല്യമായ പാപിയായ സൃഷ്ടിയുടെ അയോഗ്യതയെയും വരച്ചു കാട്ടുന്ന കവി "ഞാൻ മുറ്റുമായ് എന്നെത്തന്നെ നിനക്കു തരുന്നു" അതുമാത്രമാണ് എനിക്കു ചെയ്‌വാൻ കഴിയുന്നതു എന്നും അതിനായി എന്നെ സഹായിക്ക, രക്ഷകാ എന്ന അഭ്യർത്ഥനയും ഈ വരികളിൽ വരച്ചു കാട്ടുന്നു.

1. എൻ രക്ഷകൻ രക്തം ചിന്തി
എൻ രാജൻ മരിച്ചോ
താൻ തിരുജീവൻ വെടിഞ്ഞോ
പുഴുവാം എനിക്കായ്
സഹായിക്കെന്നെ രക്ഷകാ
ഞാൻ നിന്റേതാകുവാൻ
രാജത്വം പ്രാപിക്കുമ്പോൾ നീ
ഓർമ്മിക്ക എന്നെയും.

2. ഞാൻ ചെയ്ത അകൃത്യങ്ങൾക്കായ്
ക്രൂശിൽ താൻ മരിച്ചോ
അതുല്യമാം കൃപാധനം
അത്യന്തമാം സ്നേഹം- സഹാ

3. ആദിത്യൻ മുഖം മറെച്ചു
ഇരുൾ മൂടിമന്നിൽ
മർത്യസൃഷ്ടി തൻ പാപത്താൽ
സൃഷ്ടകൻ യാഗമായ്- സഹാ

4. നന്ദിയാലുള്ളം ഉരുകി
കൺകൾ നിറയുന്നേ
ലജ്ജയാൽ എൻ മുഖം മൂടും
ക്രൂശിൻ സന്നിധിയിൽ- സഹാ

5. നിൻ സ്നേഹം വീട്ടാൻ എൻ ദുഃഖം
പോരാത്തതാകുന്നു
ഞാൻ മുറ്റുമായ് എന്നെത്തന്നെ
നിനക്കു തരുന്നു.- സഹാ

ഹൃദയസ്പർശിയായ ലളിതഭാഷയിൽ എഴുതപ്പെട്ട ഈ ഗാനം ഒരു ഉണർവ്വു യോഗത്തിൽ പാടിക്കേട്ട അന്ധയായ ഒരുപെൺകുട്ടി അതിന്റെ ഓരോ വരികളിലൂടെയും തന്നെത്തന്നെ മനസ്സിലാക്കുന്നതിനിടയാകുകയും തന്റെ ഹൃദയം ഉണർന്ന് പാട്ടിന്റെ അവസാനവരിയിലെ "ഞാൻ മുറ്റുമായ് എന്നെത്തന്നെ നിനക്കു തരുന്നു" എന്നു ഗായകസംഘം പാടിയപ്പോൾ തന്റെ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് കൃപാസനത്തിലേക്ക് നീങ്ങി കർത്താവിനായ് പൂർണ്ണമായി സമർപ്പിച്ചു. ആ പെൺകുട്ടിയാണ് സുപ്രസിദ്ധ ഭക്തിഗാനരചയിതാവും വിശുദ്ധയുമായറിയപ്പെടുന്ന ഫാനിജയിൻ ക്രോസ് ബി.

ആസാഹർ എന്ന സംഗീതജ്ഞ ഈ ഗാനത്തിന് ഹൃദയാവർജ്ജകമായ ഈണം നൽകിയിരിക്കുന്നു.

ഈ ഗാനത്തിൽ കൂടി ഐസക് വാട്സ് നമ്മെ ക്രൂശിന്റെ ധ്യാനത്തിലേക്കും ജീവിതത്തെ പുനഃപ്രതിഷ്ഠ ചെയ്യുന്നതിനും ആഹ്വാനം ചെയ്യുന്നു.

"യഹോവേ നീ അറിയുന്നു; എന്നെ ഓർത്ത് സ്പർശിക്കേണമേ." യിര.15:15

# വിശുദ്ധവാര ആരാധനകൾ

**1–4–2012 മുതൽ 7–4–2012 വരെ വൈകുന്നേരം 6.30 മുതൽ 8.30 വരെ**

| തീയതി | നേതൃത്വം നൽകുന്ന സംഘടന | പ്രസംഗകൻ |
|---|---|---|
| 1-4-2012 ഹോശന്നാ ഞായർ | CEYF | **Rev. Dr. L.E. Sahanam** |
| 2-4-2012 തിങ്കൾ | WF | |
| 3-4-2012 ചൊവ്വ | SCF | |
| 4-4-2012 ബുധൻ | SS | |
| 5-4-2012 പെസഹാ വ്യാഴം | Presbyter | **Rev. K. Isaac Paul Singh** |
| 6-4-2012 വലിയ വെള്ളിയാഴ്ച | Presbyter | |
| 7-4-2012 വിശുദ്ധ ശനിയാഴ്ച | Presbyter | |

## 6–4–2012 വലിയ വെള്ളിയാഴ്ച പ്രധാന ആരാധനകൾ:

8 a.m to 9.30 a.m. : വിശുദ്ധ ആരാധന (Rev. C.R. Vincent)

9.30 a.m. to 1 p.m. : ക്രൂശിലെ മൊഴികളുടെ ധ്യാനം

(Details on page 19)

1 p.m. to 4 p.m. : ധ്യാന പ്രാർത്ഥന

Rev. C.R. Vincent അച്ചന്റെ നേതൃത്വത്തിൽ സഭാ ഗായകസംഘം ധ്യാന പ്രാർത്ഥനയും ഗാനാലാപനവും നടത്തുന്നു.

**ഈസ്റ്റർ ഞായർ (8–4–2012)**
**എല്ലാ ആരാധനകളും പതിവുപോലെ നടത്തപ്പെടുന്നതാണ്**

# ക്രൂശിലെ മൊഴികളുടെ ധ്യാനം

(സംഘടനാ പ്രതിനിധികൾ ധ്യാനപ്രസംഗം നടത്തുന്നു)

| മൊഴി | വേദഭാഗം | നേതൃത്വം | ധ്യാനപ്രസംഗം നടത്തുന്നവർ |
|---|---|---|---|
| 1 | ലൂക്കോസ് 23 : 24 | അച്ചന്മാരുടെ കുടുംബാംഗം | **Mrs.സിബി സഹനം** |
| 2 | ലൂക്കോസ് 23 : 42, 43 | സ്ത്രീജനസംഘം | **Mrs. ഫ്ളോറാ റേച്ചൽ സുമം** |
| 3 | യോഹന്നാൻ 19 : 25-27 | ഗോസ്പൽ ബാൻഡ് | **Mr. അജിത്സെൻ G.S.** |
| 4 | മത്തായി 27 : 45,46 | സണ്ടേസ്കൂൾ | **Mrs. ഷൈലാ ജാസ്മിൻ** |
| 5 | യോഹന്നാൻ 19 : 28, 29 | യുവജനസംഘടന (CEYF) | **Er. ലിജിൻ ഡേവിഡ്** |
| 6 | യോഹന്നാൻ 19 : 30 | സീനിയർ സിറ്റിസൻ ഫെല്ലോഷിപ്പ് (SCF) | **Dr. ജോൺസൻ E.** |
| 7 | ലൂക്കോസ് 23 : 46 | സഭാകമ്മിറ്റി | **Mr. ക്രിസ്റ്റൻസൺ E. സാരസം** |

*"For Lord so loved the world that He gave His only begotten Son, that who ever believes in Him should not perish but have everlasting life." (John 3:16)*

# CIRCLE PRAYERS FOR APRIL 2012

## 1-4-2012 to 8-4-2012 Passion Week worship services

| Day | F. Number | Name | Phone | Address |
|---|---|---|---|---|
| 10/4/2012 | 326 | Mr.N Daniel Jones | 2447469 | TRA 82, Thekkummoodu |
| Tuesday | 1851 | Mr. Vipin Nelson | 2314745 | TC 24/443,CRA G28, Charachira |
| 13/4/12 | 1234 | Mr. Balachander Fenn | 9487839898 | Ebenezer, L. 16.Jai Nagar Medical College |
| Friday | 1315 | Mr. D. Soma Raj | 2360545 | Madathuvilakom, MRA E.63,Maruthankuzhi |
| 17/20/12 | 2004 | Er. J D Sajeesh Kumar | 2534326 | Sangeerthanam,MGRA 28, Marappalam Gardens, |
| Tuesday | 1519 | Mr. D L Anil Kumar | 2409154 | Raji Bhavan, Maranchilkonam, Nadukadu,Naruvamoodu |
| 20/4/12 | 1582 | Mr. Jaison Pradeep Boas | 2447858 | GRA 240,Koltra Lane,Goureesapattom |
| Friday | 1997 | Er. Aswin M N | 2248503 | Betheny,OP 9/1006,Kunthalakode,Kuttamala |
| 24/4/12 | 1609 | Mr. Prasad lawrence Raj | 9841004509 | ,Woodbine,SNRA 39, Sree nagar Lane, Peroorkada |
| Tuesday | 1525 | Mr. L R Sajeevkumar | 272758 | DBRA 65C,Devasom Board Jn.,Kowdiar |
| | 1215 | Mr. Johnsle Tilak | 2478382 | Allieds, Tutors Lane,Statue |
| 27/4/12 | 1297 | Mr. A Jayachandran | 9539530528 | Leela Bhavan,TC 71/961-3,Cheriyathura, Vallakkadav |
| Friday | 931 | Mrs. Mary Stella | 2452057 | Stella Vila, S 16, Sreeveli nagar, Kaithamukku |
| 1/5/2012 | 1435 | Mr. Vijay Justin | 2312394 | 88, Bains Compound Nanthan code |
| Tuesday | 1287 | Er.G. Yesodharan | 2354699 | Resmipriya,VNRA 107, Vivekananda Nagar, |
| 4/5/2012 | 791 | Adv. Devasahayam | 2530564 | TC 3/1995,17 Sivamangalam Lane,Pattom 4 |
| Friday | 1218 | Mrs.. Leela Bai V | 9995193889 | TC 14/571,NRA 70, Nandavanam,TVM 33 |
| 8/5/2012 | 1648 | Er. Robin Devadas | 2315034 | Keerthana No. A129, Kanaka Nagar |
| Tuesday | 1698 | Er. Binil Das C A | 9895113633 | TC 11/1590-1,YMR Jn.,Nanthencode, |
| 11/5/2012 | 1900 | Er. Ashwin Sen | 2332736 | Sen Villa, FORA E113,Vazhuthacaud, |
| Friday | 263 | Mr. D. Wilson | 2724775 | Christal House,NGO Qrts Lane, Museum- N code Rd |

By and large four Circle prayers are scheduled for each week so that last minute requests can be accommodated.

If you desire circle prayers during May or June kindly inform one of the presbyters **before 22 April.**

*And he said, Abba, Father, all things are possible unto thee; take away this cup from me: nevertheless not what I will, but what thou wilt. [Mark 14: 36]*

## MATEER MEMORIAL CHURCH CHOIR

*Invites you for*

## ***An Easter Meditation in Music***



# 'The Cup'

**Passion songs, Modern Easter songs, Anthems, Traditional Hymns & Classical pieces performing along with Junior Choir**

***on Sunday, 8th April 2012 at 7.00 pm.***

***Come, participate, enjoy & make life meaningful***

## CSI MATEER MEMORIAL CHURCH

### Regular Weekly Programme

Morning Worship (Monday to Saturday) 7.00 a.m

| | | |
|---|---|---|
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.00 a.m |
| | English Service | 10.00 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 09.30a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 10.00 a.m |
| | BCL Union | 11.00 a.m |
| | JCEF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Teens Bible Hour | 03.00 p.m |
| | Contemporary Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. C.R. Vincent (President) | 2316544 | 9446850066 |
| Rev. Dr. L.E. Sahanam (Presbyter) | 2724658 | 9400370085 |
| Rev. K. Isaac Paul Singh (Presbyter) | 2316644 | 9446749621 |
| Dr. Samson Nessiah (Secretary) | 2334036 | 9447126931 |
| Mr. T. Jayakumar Alfred (Accountant) | 2534781 | 9895110652 |
| Dr. S.G. Churchin Ben | 2315655 | 9447177666 |
| Mr. Y. Christudas | 2318213 | 9895114633 |
| Mr. Christenson E. Sarasam | 2327722 | 9995100420 |
| Mr. Victor E. Joseph | 2316749 | 9446556749 |
| Er. M. Sam Moses | 2311754 | 9447011754 |
| Dr. Mrs. Sindhuja Suresh | 2533672 | 9747225493 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Grisilda Wills | 2313467 | 9995236650 |
| Mr. K. Hudson | 2355229 | 9446589715 |
| **Church Office** | **2311347** | |
| Mr. G. Sivanandan (Sexton) | | 9446616080 |
| Mr. G. Wilson (Parish Asst.) | | 9447525339 |
| Mr. T. Rajeev (Peon Cum Gardener) | | 9895801012 |

Grace Printers 2540523